# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 19 No. 01 PUBLISHED FROM DELHI PRICE Rs. 3/- JANUARY 2015

## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് 21-ാമത് ജനറൽ കൺവൻഷൻ അടൂരിൽ

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ഇരുപത്തിയൊന്നാമത് ജനറൽ കൺവൻഷൻ 2015 ഫെബ്രുവരി 26,27, 28, മാർച്ച് 1 എന്നീ തീയതികളിൽ അടൂർ നെല്ലിമൂട്ടിൽപടി ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. 26-ാം തീയതി വൈകിട്ട് ആറു മണിക്ക് ആരംഭിക്കുന്ന പൊതുയോഗത്തിൽ വച്ച് സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ മനോജ് തമ്പി (എഫ്. എഫ്.സി. അടൂർ), പാസ്റ്റർ രാജേഷ് ഏലപ്പാറ, പാസ്റ്റർ കെ. ജെ. മാത്യു (അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് അസി. സൂപ്രണ്ട് പുനലൂർ) എന്നിവരാണ് ഈ വർഷത്തെ മുഖ്യ പ്രാസംഗികർ.



പാസ്റ്റർ എം.സാമുവൽകുട്ടി ന്യൂഡൽഹി



പാസ്റ്റർ കെ.ജെ. മാത്യു പുനലൂർ



പാസ്റ്റർ രാജേഷ് ഏലപ്പാറ



പാസ്റ്റർ മനോജ് തമ്പി അടൂർ



ഡോ.പ്രിൻസ് പി.എസ്സ്. ചെറുവക്കൽ

എല്ലാ ദിവസവും വൈകിട്ട് 6 മണിമുതൽ 9 മണി വരെ പൊതുയോഗം നടക്കും. കൺവൻഷനോടനുബന്ധിച്ച് സൺഡേ സ്ക്കൂൾ, എഫ്.സി. വൈ.എം., എഫ്.സി.എം.എഫ്., എഫ്.സി.ഡബ്ള്യൂ. എഫ്. എന്നിവയുടെ വാർഷിക സമ്മേളനവും ശുശ്രൂഷക സമ്മേളനവും സ്നാനശുശ്രൂഷയും നടക്കുന്നതാണ്. ഫെബ്രുവരി 28-ാം തീയതി രാവിലെ പത്ത് മണിമുതൽ അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ഏഴാമത് ബിരുദദാന സമ്മേളനം ലോഗോസ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ റവ. ഡോ. പ്രിൻസ് പി. സാമുവൽ (പ്രിൻസിപ്പൽ, ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി, ചെറുവക്കൽ) മുഖ്യസന്ദേശം നൽകും. ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധനയോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ ജനറൽ കൺവൻഷൻ സമാപിക്കും. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് ഈ യോഗങ്ങളിൽ ആരാധനയ്ക്ക് നേതൃത്വം നൽകും.

## എഫ്.സി.ബി.സിയിൽ ദ്വിദിന സെമിനാർ നടന്നു

**അടൂർ:** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ആഭിമുഖ്യത്തിൽ രണ്ടുദിന സെമിനാർ അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് 2014 ഡിസംബർ 4-5 തീയതികളിൽ നടന്നു. എഫ്.സി.ബി.സി. ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി ഉദ്ഘാടനം ചെയ്ത സെമിനാറിൽ സുവിശേഷീകരണം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നടന്നു. സഭയും സുവിശേഷീകരണവും (പാസ്റ്റർ ബോബി പി. ജോൺ), സുവിശേഷീകരണത്തിനുള്ള മാധ്യമങ്ങൾ (പാസ്റ്റർ മനോജ് തമ്പി), സുവിശേഷീകരണത്തിനുള്ള വെല്ലുവിളികൾ (പാസ്റ്റർ ഷാജി എസ്സ്.), സുവിശേഷീകരണവും കുടുംബവും, സുവിശേഷീകരണവും നിയമങ്ങളും (പാസ്റ്റർ എം. സാമുവൽകുട്ടി) എന്നിവയെക്കുറിച്ച് ക്ലാസ്സുകളും ചർച്ചകളും നടത്തപ്പെട്ടു. എഫ്.സി.ബി.സി. അടൂർ, പൂങ്കാവ് എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥിനി-വിദ്യാർത്ഥികളും, കോളജിന്റെ പൂർവ്വ വിദ്യാർത്ഥികളും പാസ്റ്റേഴ്സും ഈ സെമിനാറിൽ സംബന്ധിച്ചു.




സെമിനാർ പാസ്റ്റർ എം. സാമുവൽകുട്ടി ഉദ്ഘാടനം ചെയ്യുന്നു

## പുതിയ വർഷത്തിലേക്ക് പ്രതീക്ഷകളോടെ

ഷിബു തമ്പി, ന്യൂഡൽഹി

**2014** കടന്നു പോയി. പ്രതീക്ഷയും പ്രത്യാശയും പകർന്നുകൊണ്ട് പുതിയ വർഷം പിറവിയെടുത്തു. സന്തോഷവും സന്താപവും വേദനയും നിരാശയും ഒക്കെ പകർന്നുകൊണ്ടാണു 2014 വിടചൊല്ലിയത്.

ഭാരതത്തിനും ലോകത്തിനാകെയും സമ്മിശ്രാനുഭവങ്ങളാണ് 2014 നൽകിയത്. രാജ്യത്ത് പത്തുവർഷത്തെ യുപിഎ ഭരണം അവസാനിപ്പിച്ച് ബിജെപിക്കു തനിച്ചു ഭൂരിപക്ഷമുള്ള എൻഡിഎ ഭരണത്തിൽ വന്നു. ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള പുതിയ മന്ത്രിസഭ സാമ്പത്തിക രംഗത്തും മറ്റും ചില ചടുല നീക്കങ്ങളും നടത്തുന്നുണ്ട്. അന്താരാഷ്ട്ര വിപണിയിൽ പെട്രോളിയം വില കുത്തനെ താഴ്ന്നത് രാജ്യത്ത് ഇന്ധനവില കുറയ്ക്കാനും വിലക്കയറ്റത്തോത് താഴോട്ടു കൊണ്ടുവരാനും സഹായിച്ചു. ഇങ്ങനെ നല്ല അന്തരീക്ഷം ഉള്ളപ്പോഴും രാജ്യത്തെ ന്യൂനപക്ഷങ്ങൾക്കും മറ്റും ആശങ്ക വളർത്തുന്ന പല കാര്യങ്ങളും ആവർത്തിക്കുകയും വ്യാപിക്കുകയും ചെയ്യുന്നുണ്ട്. ഏഴാം ദശകത്തിലൂടെ നീങ്ങുന്ന ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ കരുത്തും അഭിമാന വിഷയവും ഈ രാജ്യത്തെ മതേതരത്വമാണ്. എത്ര ചെറിയ ന്യൂനപക്ഷത്തിനുപോലും അന്തസോടെയും ഭീതിരഹിതമായും ജീവിക്കാവുന്ന അവസ്ഥ നമ്മുടെ ഭരണഘടനയും രാഷ്ട്രീയ സംവിധാനവും ഉറപ്പുനൽകുന്നു. കാലങ്ങളായി പാലിച്ചു വരുന്ന മതേതരത്വത്തിന് കോട്ടം വരുത്തുന്ന സംഭവങ്ങളും പ്രസ്താവനകളും പ്രവണതകളും ഒഴിവാക്കുവാനും ന്യൂനപക്ഷങ്ങളിൽ സുരക്ഷിതത്വബോധം വളർത്തുവാനും ഈ പുതുവർഷത്തിൽ ഭരണകർത്താക്കൾക്കു കഴിയട്ടെ.

ദുരന്തങ്ങളും യുദ്ധങ്ങളും കലാപങ്ങളും ഭീകരാക്രമണങ്ങളും കറുത്തചിത്രങ്ങൾ വരച്ച പോയവർഷത്തെ ഏറ്റവും ദാരുണമായ ദുരന്തമായിരുന്നു പെഷവാറിലെ സ്കൂളിൽ നടന്ന കൂട്ടക്കുരുതി. മതമൗലികവാദികളായ താലിബാന്റെ നിഷ്ഠൂരമായ ആക്രമണത്തിൽ കുഞ്ഞുങ്ങളടക്കം നൂറ്റിനാല്പത്തിഎട്ടു പേർ ക്രൂരമായി കൊല്ലപ്പെട്ടപ്പോൾ ലോകമെങ്ങും വിതുമ്പി. ഇറാക്കിലും സിറിയയിലും ഇസ്ലാമിക് സ്റ്റേറ്റിന്റെ ഭീകരർ ക്രൈസ്തവരേയും യസീദികളെയും കൂട്ടക്കൊല ചെയ്യുകയും പീഢിപ്പിക്കുകയും ചെയ്തത് പോയ വർഷത്തെ ഇരുണ്ട അധ്യായങ്ങളാണ്. മനുഷ്യമഹത്വത്തിനും സ്വാതന്ത്ര്യത്തിനും നിരക്കാത്ത ഇത്തരം ക്രൂരതകൾക്കെതിരെ സ്വാതന്ത്ര്യത്തിലും ജനാധിപത്യത്തിലും സമത്വത്തിലും വിശ്വസിക്കുന്നവരുടെ കൂട്ടായ്മ ഈ പുതുവർഷത്തിൽ ഉരുത്തിരിയുമെന്ന് പ്രത്യാശിക്കാം.

മംഗൾയാൻ എന്ന ചൊവ്വാദൗത്യത്തിലെ സ്വപ്ന സമാനമായ വിജയമടക്കം ഇന്ത്യ ശാസ്ത്ര-സാങ്കേതിക മേഖലകളിൽ വലിയ നേട്ടം കുറിച്ച വർഷമാണ് കടന്നു പോയത്. ഇന്ത്യാക്കാരനായ കൈലാസ് സത്യാർത്ഥിക്കും പാക്കിസ്ഥാൻ പെൺകുട്ടി മലാല യൂസഫ്സായിക്കും സമാധാനത്തിനുള്ള നൊബൽ സമ്മാനവും 2014 ൽ ലഭിച്ചു.

ശാസ്ത്ര-സാങ്കേതിക രംഗത്ത് വൻകുതിപ്പ് നേടിയ രാജ്യമായ അമേരിക്കയെ വലച്ച വൻ ശൈത്യവുമായാണ് 2014 ജനുവരി ഉണർന്നെഴുന്നേറ്റത്. മൈനസ് 36 ഡിഗ്രി സെൽഷ്യസ് വരെ താണ തണുപ്പിൽ നിരവധി പേർ മരിച്ചു. വിമാന സർവ്വീസുകൾ കൂട്ടത്തോടെ നിർത്തിവച്ചു. നയാഗ്ര ഉൾപ്പെടെയുള്ള വെള്ളച്ചാട്ടങ്ങൾ ഹിമഗോപുരങ്ങളായി മാറി.

ദുർമേദസുമായി ലോകജനത തടിച്ചുകൊഴുക്കുമ്പോൾ ഒരു മെലിയലിന്റെ കഥയുമായാണ് പ്രശസ്ത ജേർണലായ നേച്ചർ ജിയോ സയൻസ് മാർച്ചിൽ പുറത്തിറങ്ങിയത്. 450 കോടി വർഷം മുമ്പ് രൂപപ്പെട്ട ബുധഗ്രഹം ഏഴു കിലോമീറ്റർ ചുരുങ്ങിയതായാണ് കണ്ടെത്തിയത്. സൂര്യനോട് ഏറ്റവുമടുത്തു സ്ഥിതിചെയ്യുന്ന ഗ്രഹമായ ബുധനു 4880 കിലോമീറ്റർ വ്യാസമാണുള്ളത്. ഭൂമിയുടെ 17 മടങ്ങ് ഭാരവും രണ്ട് മടങ്ങ് വലിപ്പവുമുള്ള ഗ്രഹത്തെ കണ്ടെത്തി. ഭൂമിയിൽ നിന്ന് 560 പ്രകാശവർഷം അകലെയുള്ള കെപ്ലർ-10 സി എന്നാണ് ഈ ഗ്രഹത്തിന് പേരിട്ടിരിക്കുന്നത്.

മലിനീകരണവും ജീവിതശൈലിയും പുതിയ രോഗങ്ങൾക്ക് വഴിയൊരുക്കുന്നു. 2014ൽ ലോകത്തെ ഞെട്ടിച്ചത് എബോള വൈറസാണ്. മസ്തിഷ്ക ജ്വരം,

(ശേഷം മൂന്നാം പേജിൽ)

### വിശ്വാസി 19-ാം വയസിലേക്ക്

വിശ്വാസി മാസിക പ്രസിദ്ധീകരണത്തിന്റെ പത്തൊമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 1997 ജനുവരിയിലാണ് മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചത്. ഇന്നും ഇത് ഒരു ശുശ്രൂഷയായി തുടരുവാൻ കഴിയുന്നത് ദൈവമക്കളുടെ പ്രാർത്ഥനയുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങളുടേയും ഫലമായിട്ടാണ് എന്നുള്ളത് ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. തുടർന്നും വായനക്കാരുടെ സമ്പൂർണ്ണ സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**എല്ലാ വിശ്വാസി വായനക്കാർക്കും**

**പത്രാധിപ സമതിയുടെ**

**പുതുവത്സരാശംസകൾ**

പത്രാധിപ ലേഖനം.......

# ദാനിയേലിന്റെ ദൈവം നമ്മോടുകൂടെ



**പോയ** വർഷം ദൈവം നമ്മുടെ ജീവിതത്തിൽ വിശ്വസ്തനായിരുന്നു. നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ ശക്തമായ കരവലയത്തിനുള്ളിൽ സുരക്ഷിതത്വവും ദൈവസാന്നിദ്ധ്യവും നാം അനുഭവിക്കുകയായിരുന്നു. ഇനിയും അനവധി അനുഗ്രഹങ്ങൾ അനുഭവമാക്കുവാൻ മറ്റൊരു പുതിയ വർഷത്തിലേക്ക് ദൈവം നമ്മെ കൊണ്ടുവന്നിരിക്കുന്നു. ദൈവം വിശ്വസ്തനായിരുന്നു, എന്നാൽ നാം വിശ്വസ്തരായിരുന്നോ എന്ന് ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. ഈ പുതിയ വർഷത്തിന്റെ പ്രാരംഭത്തിൽ തന്നെ ദൈവഹിതം നമ്മുടെ ജീവിതത്തിൽ നിറവേറപ്പെടുവാൻ നമ്മെ സമർപ്പിക്കാം. കുശവന്റെ കൈയ്യിലെ കളിമണ്ണ് പോലെ നമ്മെ അവന്റെ കരങ്ങളിൽ ഏൽപ്പിക്കാം. അവന് പ്രസാദമുള്ള മാനപാത്രമായി ദൈവം നമ്മെ പണിയട്ടെ.

പ്രലോഭനങ്ങളും പ്രതികൂലങ്ങളും ദൈവമക്കൾക്കെതിരെ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വിശ്വാസത്തിൽ ബലഹീനരായവരെ പിശാച് പ്രലോഭനങ്ങളിലൂടെ വീഴ്ത്തിക്കളയും. ദാനിയേലും കൂട്ടുകാരും ബാബിലോണിൽ ആയിരുന്നപ്പോൾ അവർ പ്രലോഭനങ്ങളേയും പ്രതിസന്ധികളെയും മറികടന്നത് നാം മാതൃകയാക്കേണ്ടതാണ്. സാഹചര്യങ്ങൾക്കനുസരിച്ച്, ജീവിതത്തിന്റെ ചുറ്റുപാടുകൾക്കനുസരിച്ച് ഭൗതിക നേട്ടങ്ങൾക്കുവേണ്ടി, സുഖഭോഗങ്ങൾക്കുവേണ്ടി വിശ്വാസ ജീവിതത്തേയും വിശുദ്ധജീവിതത്തെയും തട്ടിമാറ്റുന്ന ഒരു സമൂഹത്തെയാണ് ഇന്ന് നാം ദർശിക്കുന്നത്. എന്നാൽ ദൈവമനുഷനായ ദാനിയേലിനെ ഒരു പ്രലോഭനത്തിനും തടുക്കുവാൻ സാധിച്ചില്ല. അതിന്റെ ഒന്നാമത്തെ കാരണം, അവന്റെ പ്രാർത്ഥനാ ജീവിതം തന്നെയാണ്. ദാനിയേലിന്റെ ഓരോ ദിവസവും ആരംഭിച്ചത് ശക്തമായ പ്രാർത്ഥനയോടെയായിരുന്നു. ആവശ്യങ്ങൾ വരുമ്പോൾ മാത്രം ദൈവത്തെ അന്വേഷിക്കുന്നവനല്ലായിരുന്നു ദാനിയേൽ. ബാബിലോണിൽ അടിമയായി വന്ന ദാനിയേലിനെ ദൈവം അധികാരിയാക്കി മാറ്റി. അപ്പോഴും തന്റെ പ്രാർത്ഥനാജീവിതത്തിന് കുറവ് സംഭവിച്ചില്ല. നാം പലപ്പോഴും തിരക്കാണന്നുള്ള വാദത്തോടെ പ്രാർത്ഥനയിൽ നിന്ന് ഒളിച്ചോടുന്നവരാണ്. സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റിമറിക്കുവാനുള്ളതല്ല നമ്മുടെ പ്രാർത്ഥനാജീവിതവും വിശ്വാസജീവിതവും. ദാനിയേലിന്റെ വിശ്വസ്ഥതയ്ക്കു പകരമായി ദൈവം അവനെ രാജ്യത്തിന്റെ രണ്ടാം സ്ഥാനക്കാരനായി ഉയർത്തി. ദൈവം നൽകിയ ഉയർച്ചയിൽ അവൻ അഹങ്കരിച്ചില്ല. എങ്കിലും അവിടെ പ്രതികൂലമാണ് അവനെ കാത്തിരുന്നത്. ദാനിയേലിന്റെ ഉയർച്ചയിൽ അസൂയപൂണ്ട മറ്റ് അദ്ധ്യക്ഷന്മാർ അവനെ തകർക്കുവാൻ ശ്രമിച്ചു. അവൻ അവരോട് എതിർക്കാതെ തങ്ങളുടെ വിശ്വാസത്തെ മുറുകെ പിടിക്കുകയാണുണ്ടായത്. ജീവൻ നഷ്ടമാകുമെന്ന് മനസ്സിലാക്കിയപ്പോഴും ദാനിയേലിന്റെ വിശ്വാസത്തിന് കോട്ടം വന്നില്ല. അവൻ മനുഷ്യരോട് പരാതി പറയാതെ സകല വിഷയങ്ങളും ദൈവത്തിങ്കൽ സമർപ്പിച്ചു. പ്രശ്നങ്ങൾ ജീവിതത്തിൽ കടന്നുവരുമ്പോൾ സ്വന്തവഴികളും ലോകത്തിന്റെ വഴികളും തെരഞ്ഞെടുക്കുന്നവർക്ക് ഇത് ഒരു പാഠമാണ്. എന്നാൽ ദാനിയേൽ ദൈവത്തിന്റെ വഴിയിൽ തന്നെ ഉറച്ചുനിന്നു. അതിനു പകരമായി കടിച്ചുകീറുവാൻ ഓടിയടുക്കുന്ന സിംഹങ്ങളുടെ ഗുഹയിൽ അവനെ തള്ളിയിട്ടു. എന്നാൽ തീച്ചൂളയിൽ ഇറങ്ങിവന്നവൻ സിംഹകുഴിയിലും ദാനിയേലിനൊപ്പം ഇറങ്ങി. സിംഹങ്ങൾ ദാനിയേലിന് കൂട്ടുകാരായി മാറി. തന്നെ സിംഹകുഴിയിൽ വീഴ്ത്തുവാൻ ഉത്തരവിറക്കിയ രാജാവ് രാത്രി മുഴുവൻ ഉറങ്ങുവാൻ കഴിയാതെ ആയിരുന്നപ്പോൾ ദൈവത്തിന്റെ വിശ്വസ്തനായ ദാനിയേൽ സിംഹങ്ങളുടെ ഗുഹയിൽ സുഖമായുറങ്ങി. സിംഹങ്ങളുടെ കൂർക്കംവലി അവനു താരാട്ടുപാട്ടായി. നേരം പുലർന്നപ്പോൾ ദാനിയേൽ ഒരാപത്തും കൂടാതെ പുറത്തുവന്നു. പ്രതികൂലം വന്നപ്പോൾ ഓടിയൊളിക്കാതെ വിശ്വാസത്തോടെ അതിനെ അഭിമുഖീകരിച്ച ദാനിയേലിനെ ദൈവം വിടുവിച്ചു.

ഇന്ത്യയിൽ പ്രതികൂലങ്ങൾ ദൈവമക്കൾക്കെതിരെ വർദ്ധിക്കുകയാണ്. ദൈവമക്കൾ പതറരുത്. ദൈവത്തിന്റെ പദ്ധതിയെ തകർക്കുവാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയുകയില്ല. ദാനിയേലിനെപ്പോലെ വിശ്വസ്തരെയാണ് ദൈവം അന്വേഷിക്കുന്നത്. പുനമതപരിവർത്തനം എന്നപേരിൽ പിശാച് തന്റെ പ്രവൃത്തി ആരംഭിച്ചിരിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ഒരു ശക്തിക്കും നമ്മെ പിന്തിരിപ്പിക്കുവാൻ സാധിക്കുകയില്ല. കാരണം നിത്യജീവന്റെ മൊഴികൾ അവനിൽ മാത്രമെയുള്ളു. ദാനിയേലിനെ പോലെ, ശദ്രക്ക്, മേശക്ക്, അബേദ്നഗോ എന്നിവരെപ്പോലെ പ്രതികൂലത്തിന്റെ മുമ്പാകെ തലയുയർത്തി നിൽക്കുന്നവരെ ദൈവം അവന്റെ രാജ്യത്തിന്റെ വ്യാപ്തിക്കായി ഉപയോഗിക്കും. ജീവനായാലും മരണമായാലും ദൈവത്തിന്റെ പദ്ധതിക്കുവേണ്ടി ഏൽപ്പിച്ചുകൊടുക്കുന്നവരെ ദൈവം ഉപയോഗിക്കുകതന്നെ ചെയ്യും.

നമ്മുടെ ജീവിതത്തിനെതിരെയുള്ള പ്രതികൂലങ്ങൾ തന്റെ ഹിതത്തിനായി നമ്മെ രൂപപ്പെടുത്തുവാനുള്ള ദൈവത്തിന്റെ പദ്ധതിയാണെന്നും ഏതു പ്രശ്നങ്ങൾ വന്നാലും നാം ദൈവകരങ്ങളിൽ സുരക്ഷിതരാണ് എന്നും നാം മനസ്സിലാക്കണം. ദൈവം അനുവദിക്കാതെ ആർക്കും നമ്മെ തൊടുവാൻ കഴിയുകയില്ല. അതുകൊണ്ടാണ് മാനുഷിക കരങ്ങൾ തനിക്ക് എതിരായിട്ടും ദാനിയേൽ പതറാതെ ദൈവകരങ്ങളിൽ മാത്രം അഭയം തേടിയത്, അവിടെ അവൻ വിജയം നേടുകയും ജീവിക്കുന്ന ദൈവത്തെ മറ്റുള്ളവരുടെ മുമ്പാകെ ഉയർത്തുകയും ചെയ്തു. ദാനിയേലിന്റെ ദൈവമാണ് ജീവിക്കുന്ന ദൈവം എന്ന് രാജാവ് തന്നെ പ്രഖ്യാപിക്കുകയും ചെയ്തു. നമ്മുടെ ഭാരതമണ്ണിൽ ഇത് സംഭവിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. പ്രതികൂലങ്ങൾ അഴിച്ചുവിടുന്നവർ ജീവിക്കുന്ന ദൈവത്തെ അറിയട്ടെ, അവൻ മാത്രം ദൈവം എന്ന് പ്രഖ്യാപിക്കട്ടെ. അതിന് ദാനിയേലിനെ പോലെയുള്ളവർ എഴുന്നേൽക്കണം.

ഈ പുതിയ വർഷത്തിന്റെ പ്രാരംഭത്തിൽ നമ്മെ ദൈവകരങ്ങളിൽ ഒരു പുതുക്കത്തിനായി സമർപ്പിക്കാം. നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ(റോമ.12:1). ജീവിത സാഹചര്യങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് ദൈവത്തിൽ നിന്നുള്ള അകലം വർദ്ധിക്കാതെ വിശ്വാസത്തിൽ വർദ്ധിച്ചും വിശുദ്ധിക്കുവേണ്ടി നിലകൊണ്ടും ദൈവനാമം നമ്മിലൂടെ മഹത്വപ്പെടുവാൻ നമ്മെ സമർപ്പിക്കാം. നമ്മുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി സമർപ്പിക്കാം (റോമ.6:13); വിശുദ്ധീകരണത്തിനായി നമ്മുടെ അവയവങ്ങളെ നീതിക്ക് അടിമകളാക്കി സമർപ്പിക്കാം(റോമ.6:19); നമ്മുടെ ഹൃദയം പ്രബോധനത്തിനും, ചെവി പരിജ്ഞാനവചനങ്ങൾക്കുമായി സമർപ്പിക്കാം (സദൃ.23:12). നിന്റെ പ്രവൃത്തികളെ യഹോവയ്ക്ക് സമർപ്പിക്ക, എന്നാൽ നിന്റെ ഉദ്ദേശങ്ങൾ സാധിക്കും (സദൃ. 16:3).

ദാനിയേൽ തന്റെ ജീവിതത്തിൽ പ്രശ്നങ്ങൾ ഏറിയപ്പോൾ ഉറപ്പുള്ള മനസ്സുമായി തെല്ലും കുലുങ്ങാതെ ദൈവീക ബലത്താൽ ശത്രുക്കളുടെ നടുവിൽ നിലനിന്നു. കാരണം, തന്റെ കഴിഞ്ഞകാല ജീവിത പ്രതിസന്ധികളിൽ അവനെ കരം പിടിച്ചുയർത്തിയ ദൈവത്തിന്റെ സാന്നിദ്ധ്യം അവനോടുകൂടെയുണ്ടായിരുന്നു. ഈ ഉറപ്പ് നമുക്കും പ്രാപിക്കാം. അങ്ങനെയെങ്കിൽ പ്രതിസന്ധികൾ നമുക്ക് അനുഗ്രഹമായി മാറും.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

# ഐ.സി.എം. കേരളാ റീജൻ വാർത്തകൾ

## മാസയോഗം നടന്നു

അടൂർ: കേരളാ റീജൻ ഫെയ്ത്ത് ഫെലോഷിപ്പ് സഭകളുടെ മാസയോഗം ഡിസംബർ 13 ശനിയാഴ്ച അടൂർ സഭയിൽ വച്ച് നടന്നു. റീജൻ സെക്രട്ടറി പാസ്റ്റർ വി.എം. ഏബ്രഹാം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ തോമസ് മാത്യു സങ്കീർത്തന പ്രബോധനം നിർവ്വഹിച്ചു. ഇവ. ജോൺ സാമുവൽ മണക്കാല, ഐ.സി.എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി എന്നിവർ ദൈവവചനത്തിൽ നിന്നും സംസാരിച്ചു. തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ എം. സാമുവൽകുട്ടി നേതൃത്വം നൽകി.

## സൺഡേ സ്കൂൾ ഏകദിന സെമിനാർ

അടൂർ: കേരളാ റീജൻ സൺഡേസ്കൂൾ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ കുഞ്ഞുങ്ങൾക്കായി ഡിസംബർ 20 ശനിയാഴ്ച പകൽ 10 മണിമുതൽ 4 മണിവരെ അടൂർ സഭയിൽ വച്ച് ഏകദിന സെമിനാർ നടത്തപ്പെട്ടു. റീജൻ കോഓർഡിനേറ്റർ പാസ്റ്റർ എബി ജോർജ് സെമിനാർ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. എഫ്.സി.ബി.സി. വൈസ് പ്രിൻസിപ്പൽ പാസ്റ്റർ ഷാജി എസ്സ്, പാസ്റ്റർ മനോജ് തമ്പി എന്നിവർ ക്ലാസ്സുകൾ നയിച്ചു. റീജൻ സൺഡേസ്കൂൾ അസോസിയേഷൻ പ്രസിഡന്റ് പാസ്റ്റർ ബൻസി ജോർജ് സെമിനാറിന് നേതൃത്വം നൽകി.

## ബൈബിൾ ക്വിസ്സ് നടന്നു

അടൂർ: ഫെയ്ത്ത് ക്രിസ്ത്യൻ വിമെൻസ് അസോസിയേഷൻ കേരളാ റീജന്റെ ആഭിമുഖ്യത്തിൽ ബൈബളിലെ രൂത്ത്, എസ്ഥേർ എന്നീ പുസ്തകങ്ങളെ ആസ്പദമാക്കി നടന്നു. റീജൻ ഭാരവാഹികളുടെ നേതൃത്വത്തത്തിൽ ഡിസംബർ 13 ശനിയാഴ്ച അടൂർ സഭയിൽ വച്ച് നടന്ന പ്രോഗാമിൽ ഫെയ്ത്ത് ക്രിസ്ത്യൻ വിമെൻസ് അസ്സോസിയേഷൻ ജനറൽ പ്രസിഡന്റ് മിസ്സിസ് എലിസബേത്ത് സാമുവൽ ദൈവവചനം സംസാരിക്കുകയും ബൈബിൾ ക്വിസ്സ് പ്രോഗാം നടത്തുകയും ചെയ്തു. വിവിധ പ്രാദേശിക സഭകളിൽ നിന്നും സഹോദരിമാർ സംബന്ധിച്ചു.

## സംഗീത സായാഹ്നവും വചന പ്രഘോഷണവും

അടൂർ: ഫെയ്ത്ത് ക്രിസ്ത്യൻ മെൻസ് ഫെല്ലോഷിപ്പ് കേരളാ റീജന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 25 ന് വൈകിട്ട് 6 മണിമുതൽ 9 മണിവരെ അടൂർ സഭയിൽ വച്ച് സംഗീത സായാഹ്നവും വചനപ്രഘോഷണവും നടന്നു. പ്രാദേശിക സഭകളിൽ നിന്നുള്ള സഹോദരിസഹോദരന്മാർ ഗാനങ്ങളാലപിച്ചു. ഇവ. ജോൺ സാമുവൽ മണക്കാല ക്രിസ്മസ് സന്ദേശം നൽകി. മെൻസ് ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ സാം വില്യം യോഗത്തിന് നേതൃത്വം നൽകി.


**വിശ്വാസ ഗീതങ്ങൾ**

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപ്പരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,
പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,
സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),
സ്നേഹ നിധി (എം. പി. ത്രി)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Yash Niwas, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030



**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*–പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# ജഡധാരിയായ ക്രിസ്തു



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

ദൈവീക ത്രിത്വത്തിലെ രണ്ടാമത്തെ ആളത്തമായ പുത്രനാം ദൈവം മനുഷ്യജഡം സ്വീകരിച്ചത് മഹാസംഭവമാണ്. വരാനുള്ള നിത്യത മുഴുവൻ മനുഷ്യത്വത്തിന്റെ പങ്കാളിയായിരിക്കേണ്ടതിന് പൂർണ്ണമനുഷ്യത്വത്തത്തോടുകൂടിയ മനുഷ്യശരീരം എടുത്തു. ഈ സംഭവം അത്ഭുതപൂർവ്വവും അനാവർത്തിതവുമാണ്. സ്വന്തം മഹത്വത്തിലേക്ക് തന്റെസൃഷ്ടിയെ ഉയർത്തുന്നതിനുവേണ്ടിയായിരുന്നു ദൈവപുത്രൻ അപ്രകാരം ചെയ്തത്.

ജഡധാരണം (Incarnation) എന്ന വാക്ക് ബൈബിളിൽ ഇല്ല. എന്നാൽ ജഡത്തിൽ എന്ന അർത്ഥത്തിൽ എൻസാർക്കി പുതിയനിയമത്തിൽ ഉണ്ട്. യേശുക്രിസ്തുവിന്റെ ആളത്വം, വേല എന്നിവയെക്കുറിച്ചാകുന്ന പ്രസ്താവനകളിലാണ് ഈ പദം കാണുന്നത്. യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് യോഹന്നാന്റെ ലേഖനങ്ങൾ പ്രസ്താവിക്കുന്നു. ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിൽ അയച്ചു പാപത്തിന്നുജഡത്തിൽ ശിക്ഷ വിധിച്ചു എന്നും തന്റെ ജഡശരീരത്തിൽ ക്രിസ്തു തന്റെ നിരപ്പിന്റെ ശുശ്രൂഷ നിർവ്വഹിച്ചു എന്നും അപ്പൊസ്തലനയ പൌലോസ് രേഖപ്പെടുത്തുന്നു. ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിക്കുകയും ജഡത്തിൽ മരണശിക്ഷ ഏൽക്കുകയും ചെയ്തു. ക്രിസ്തു ശത്രുത്വം തന്റെ ജഡത്താൽ നീക്കികൊണ്ട് സമാധാനം ഉണ്ടാക്കി. ക്രിസ്തു ജഡത്തിൽ വന്നു മരിച്ചു നമുക്ക് രക്ഷനേടിയെന്ന് ഉദ്ധൃത ഭാഗങ്ങളെല്ലാം തന്നെവ്യക്തമാക്കുന്നു. വചനം ജഡമായിതീർന്നു എന്നവാക്യം ജഡധാരണത്തെ സ്പഷ്ടമായി ചിത്രീകരിക്കുന്നു.

ജഡം ധരിച്ച ക്രിസ്തു നിത്യവചനമാണ്. ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു എന്ന് ദൈവത്തോടുള്ള ബന്ധത്തെയും വചനം ദൈവം ആയിരുന്നു വെന്ന് ദൈവത്വത്തെയും വ്യക്തമാക്കുന്നു. വചനം സൃഷ്ടാവും ജീവന്റെ ഉടമസ്ഥനുമായിരുന്നു. ജഡം ധരിച്ച വചനം നിത്യനും സ്രഷ്ടാവും ജീവനും പ്രകാശവുമായ ദൈവം തന്നെയായിരുന്നു. ജഡം എന്ന പദം അടിസ്ഥാനമായി മനുഷ്യന്റെയും മൃഗങ്ങളുടെയും ശരീരത്തെയാണ് കുറിക്കുന്നത്. എബ്രായ (ബസാർ) ഗ്രീക്ക് (സാർക്സു) പ്രയോഗങ്ങളുടെ അടിസ്ഥാന ആശയം ഇതു തന്നെ. പഴയനിയമ പ്രയോഗത്തിൽ മനുഷ്യജീവന്റെ ശരീരശാസ്ത്രപരവും മനശാസ്ത്രപരവുമായ എല്ലാ വശങ്ങളെയും ഉൾകൊള്ളാവുന്നതാണ് ജഡം എന്ന പ്രയോഗം. ഒരു മനുഷ്യശരീരവും മനുഷ്യാത്മാവും സ്വീകരിച്ചുകൊണ്ടു വചനം മനുഷ്യനായിതീർന്നു. ജഡധൃതാവസ്ഥയിൽ മനുഷ്യജീവിതത്തിന്റെ എല്ലാ ആവശ്യങ്ങൾക്കും പരിമിതികൾക്കും വികാരങ്ങൾക്കും ക്രിസ്തു വിധേയനായി. യേശുക്രിസ്തു ജഡത്തിൽ വന്നു മരിച്ചു എന്നത് മനുഷ്യന്റെ എല്ലാ പരിമിതികളിലും (പാപം ഒഴികെ) അവൻ മനുഷ്യനായിതീർന്നു

> ആദാമ്യപാപത്തിൽ നിന്ന് ക്രിസ്തു മുക്തനായിരുന്നു. അതുകൊണ്ട് ക്രിസ്തുവിന് തന്റെ പാപങ്ങൾക്കുവേണ്ടി മരിക്കുകയോ യാഗം കഴിക്കുകയോ ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നില്ല. അതിനാൽ നീതികെട്ടവർക്കുവേണ്ടി നീതിമാന് പ്രായശ്ചിത്തയാഗമായി തീരുവാൻ കഴിഞ്ഞു. ദൈവപുത്രനായിരുന്നതിനാൽ പാപം ചെയ്യാൻ കഴിയാത്ത വണ്ണം പാപസ്വഭാവമില്ലാത്തവനായിരുന്നു

മരണം വരിച്ചു എന്നു വ്യക്തമാക്കുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ മരിച്ച ക്രിസ്തു മനുഷ്യനാണ്. ക്രൂശിൽ മരിച്ച ദൈവപുത്രൻ നിത്യനായി ഉണ്ടായിരുന്നവനും തുടരുന്നവനുമായ ദൈവമാണ്. നിത്യനായ ദൈവപുത്രൻ ദൈവത്വം ഒഴിവാക്കാതെ മനുഷ്യനായി തീർന്നതാണ് ജഡാധാരണം.

ക്രിസ്തുവിന്റെ ജഡധാരണത്തിന്റെ സ്വഭാവം വ്യക്തമാക്കുന്ന പ്രസ്താവനയാണ് മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി എന്നത്. തന്നെത്താൻ ഒഴിച്ചു എന്നതിന്റെ ആശയത്തെക്കുറിച്ച് തെറ്റിധാരണകളുണ്ട്. സർവ്വജ്ഞത, സർവ്വവ്യാപകത, സർവ്വശക്തി എന്നിവയിൽ ക്രിസ്തു തന്നെത്താൻ ഒഴിച്ചു എന്നും വിശുദ്ധി, സ്നേഹം, സത്യം എന്നിവയിൽ അവൻ തന്നെത്താൻ ഒഴിച്ചില്ല എന്നും കരുതുന്നവരുണ്ട്. ഇത് ശരിയല്ല.

ജഡധൃതാവസ്ഥ ആശ്രിതത്വത്തിന്റെയും അനുസരണത്തിന്റെയും അവസ്ഥയായിരുന്നു. ജഡധാരണം പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ മാറ്റിയില്ല. പിതാവ് എന്താണോ നൽകിയത് അതുമാത്രമാണ് പുത്രൻ പറയുകയും പ്രവർത്തിക്കുകയും ചെയ്തത്. ഒരു നിമിഷംപോലും പിതാവിന്റെ ഹിതത്തിന് വ്യതിരേകമായി പുത്രൻ പോയില്ല. തന്റെ പുനരാഗമന സമയത്തെക്കുറിച്ച് തന്റെ അജ്ഞതയെ ക്രിസ്തു ഏറ്റു പറഞ്ഞു. ആ സമയത്തു ഈ അറിവ് തന്റെ ഹൃദയത്തിൽ ഉണ്ടായിരിക്കണമെന്നത് പിതാവിന്റെ ഹിതം അല്ല എന്നത്രെ ഇതിന്റെ ആശയം. താൻ അറിയണമെന്ന് പിതാവ് ആഗ്രഹിച്ചതിലുപരി എന്തെങ്കിലും അറിയുവാൻ പുത്രൻ എന്ന നിലയിൽ ക്രിസ്തു ആഗ്രഹിക്കുകയോ ആരായുകയോ ചെയ്തില്ല.

അതു പാപമില്ലായ്മയുടെയും തെറ്റികൂടായ്മയുടെയും അവസ്ഥയായിരുന്നു. ജഡധാരണം മൂലം പുത്രന്റെ സ്വരൂപവും സ്വഭാവവും മാറിയില്ല. ക്രിസ്തുവിന്റെ സമ്പൂർണ്ണ ജീവിതവും പാപരഹിതമായിരുന്നു. പുതിയനിയമത്തിൽ അനേകം പ്രാവശ്യം ആവർത്തിച്ചു പറഞ്ഞിട്ടുള്ള സത്യമാണിത്. ആദാമ്യപാപത്തിൽ നിന്ന് ക്രിസ്തു മുക്തനായിരുന്നു. അതുകൊണ്ട് ക്രിസ്തുവിന് തന്റെ പാപങ്ങൾക്കുവേണ്ടി മരിക്കുകയോ യാഗം കഴിക്കുകയോ ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നില്ല. അതിനാൽ നീതികെട്ടവർക്കുവേണ്ടി നീതിമാന് പ്രായശ്ചിത്തയാഗമായി തീരുവാൻ കഴിഞ്ഞു. ദൈവപുത്രനായിരുന്നതിനാൽ പാപം ചെയ്യാൻ കഴിയാതവണ്ണം പാപസ്വഭാവമില്ലാത്തവനായിരുന്നു. ജഡം ധരിച്ച

(ശേഷം നാലാം പേജിൽ)

## പുതിയവർഷത്തിലേക്ക് പ്രതീക്ഷകളോടെ

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ആന്തരികവും ബാഹ്യവുമായ രക്തസ്രാവം, ഛർദി, അതിസാരം എന്നീ ലക്ഷണങ്ങളുള്ള എബോള അത്യന്തം അപകടകാരിയാണെന്ന് ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചു.

ശുചിത്വഭാരതം പദ്ധതിയുമായാണ് ഗാന്ധിജയന്തി കൊണ്ടാടിയത്. ഡൽഹിയിലെ വാല്മീകി കോളനിയിൽ ചൂലെടുത്ത് പ്രധാനമന്ത്രി നരേന്ദ്രമോദി ശുചീകരണത്തിന് തുടക്കം കുറിച്ചു. രാജ്യത്തെ സർക്കാർ-സ്വകാര്യ ജീവനക്കാർ ശുചിത്വഭാരത പ്രതിജ്ഞയെടുത്തു.

ഡിസംബറിന്റെ പ്രഭാതം വിരിഞ്ഞത് പക്ഷിപനിയുടെ ഭീതിയോടെയാണ്. എച്ച് 5 എൻ 1 വൈറസ് വരുത്തുന്ന രോഗം ദേശാടനപക്ഷികളിലൂടെയാണ് വരുന്നതെന്ന കാരണം ആശങ്ക കൂട്ടി. പക്ഷിപനി വാർത്തവന്നതിനു പിന്നാലെ ആയിരക്കണക്കിന് താറാവുകളെയാണ് കൂട്ടമായി കൊന്നൊടുക്കിയത്.

അനേക വിമാന അപകടങ്ങൾ നടന്ന ഒരു വർഷമായിരുന്നു 2014. അത്തരത്തിലെ ഒരു ദുരന്തവാർത്തയുമായിട്ടാണ് ലോകം 2015ലേക്ക് പ്രവേശിച്ചത്..

കടന്നുപോയ വർഷത്തിന്റെ കരിനിഴലുകൾ വീശാത്ത ഒരു ശുഭവർഷമാകട്ടെ 2015 എന്നാശംസിക്കുന്നു.

## ഞാൻ കടക്കാരൻ ആകുന്നു

(നാലാം പേജിൽ നിന്ന് തുടർച്ച)

നൽകുന്നതല്ല. കടം ഉള്ളടത്തോളം കാലം മറ്റൊന്നിൽ നമുക്ക് സന്തോഷിക്കുവാൻ കഴിയുന്നതല്ല. പ്രീയരെ, നമ്മുടെ പാപഭാരം വലിച്ചെറിയപ്പെട്ടു സ്വതന്ത്രരായവർ ആത്മാക്കളെക്കുറിച്ചുള്ള ഭാരത്താൽ വലിയ വാഞ്ചയുള്ളവരായിരിക്കേണ്ടതാണ്. അതാണ് ദൈവം നമ്മേ ഏൽപ്പിച്ച സുവിശേഷ ദൗത്യം. അത് നമുക്ക് കൃത്യനിഷ്ടയോടെ ചെയ്തു തീർത്ത് നല്ല വിളിക്ക് യോഗ്യരാകാം. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു എന്ന് പൗലൊസ് അപ്പൊസ്തലനെപ്പോലെ പറയുവാൻകഴിഞ്ഞെങ്കിൽ നാം ധന്യരായി. സഭയുടെ സുവിശേഷകരെ! സുവിശേഷ സാക്ഷികളെ... നമ്മുടെ കടം വലിയതാണ്. ആ കടം വീട്ടാൻ, വേല തികപ്പാൻ നാം എഴുന്നേൽക്കുക... കർത്താവ് വരാറായി!




കോപ്പികൾക്ക് ബന്ധപ്പെടുക: **Pr. M. Samuelkutty, Yash Niwas 101, A-Block , 96/E, Ward No: 2, Mehrauli, New Delhi-110 030**

**ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം**

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

**(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)**

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത |
|---|---|---|
| ബാച്ച്ലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com
www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL(N)/ 138 / 15 - 17
Date of Publication - 5th January 2015

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

*Price Rs. 3/-*

## ഞാൻ കടക്കാരൻ ആകുന്നു

**പാസ്റ്റർ ജയിംസ് ദാനിയേൽ കുഴിക്കാല**

**യ**വനന്മാർക്കും ബർബ്ബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരനാകുന്നു(റോമ.1:14). സുവിശേഷത്തിനായി വേർതിരിക്കപ്പെട്ടവനും, സുവിശേഷം ഭരമേൽപ്പിക്കപ്പെട്ടവനും, സുവിശേഷം പ്രഘോഷിപ്പാൻ നിയോഗിതനും ആയിരുന്ന വിശുദ്ധ പൗലൊസ് (റോമ.1:2, 1കൊരി.9:14, എഫെ.6:19). യേശുക്രിസ്തുവിൽ നിന്നും പിതാവായ ദൈവത്തിൽ നിന്നും ആകുന്നു താൻ ഈ മഹാ നിയോഗം പ്രാപിച്ചത്. യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ സുവിശേഷത്തിന്റെ പരിജ്ഞാനം താൻ പ്രാപിച്ചിരുന്നു. ഈ ശ്രേഷ്ഠനായ അപ്പൊസ്തലന്റെ ഭാരമേറിയ വാക്കുകളാണ് മീതെ നാം വായിക്കുന്നത്. ഞാൻ കടക്കാരൻ ആകുന്നു. വിലയുള്ളത് ഏതോ ഒന്ന് വാങ്ങിയശേഷം മടക്കികൊടുപ്പാൻ കഴിയാത്തവനും, കൊടുപ്പാൻ ബാദ്ധ്യസ്ഥനുമായവനാകുന്നു കടക്കാരൻ. പാണ്ഡിത്യമോ, പരിഷ്കാരമോ അല്ല മനുഷ്യന് ആവശ്യം, പിന്നയോ, രക്ഷയുടെ മാർഗ്ഗം ആകുന്ന സുവിശേഷം അത്രെ. മുഴുലോകത്തേയും സുവിശേഷീകരിപ്പാനുള്ള അപ്പൊസ്തലന്റെ ആഗ്രഹത്തെയാണ് ഇവിടെ കാണാൻ കഴിയുന്നത്. സുവിശേഷം അറിയിയ്ക്കാത്തിടത്തോളം കാലം ഞാൻ അതിനു എന്നും കടക്കാരൻ ആകുന്നു. ഈ കാലയളവിനെ സുവിശേഷ യുഗം എന്നു പറയാം. സർവ്വജാതി മതസ്ഥരും സകല രാജ്യക്കാരും സർവ്വോപരി അംഗീകരിക്കേണ്ടതായ ഒരു സുപ്രധാന വിഷയം ആകുന്നു സുവിശേഷം. സുവിശേഷം നിത്യമാണ്, അത് സത്യമാണ്. അതിൽ രക്ഷയും ശിക്ഷയും നിക്ഷിപ്തമാക്കിയിട്ടുണ്ട്. ദൈവമത്രെ സുവിശേഷത്തിന്റെ ഉടമസ്ഥൻ. യേശുക്രിസ്തുവാണ് അതിന്റെ കേന്ദ്രവിഷയം.

> സുവിശേഷം അറിയിക്കുക എന്ന മഹാ നിയോഗം നാം ഏറ്റെടുത്ത് ദൈവരാജ്യ വ്യാപ്തിക്കായി പ്രവർത്തിക്കാം. തീർച്ചയായും ഉടമസ്ഥനായ ദൈവവും കേന്ദ്രവിഷയമായ യേശുവും നമ്മോടു കൂടെ ഉണ്ട്. പാപഭാരം വലിച്ചെറിഞ്ഞ് സ്വതന്ത്ര്യരായവർ ആത്മാക്കളെ കുറിച്ചുള്ള ഭാരത്താൽ വലിയ സുവിശേഷ വാഞ്ചയുള്ളവരായിരിക്കണം. സുവിശേഷത്തിന്റെ വാതിൽ അടയാറായി. ഇനിയും ഉള്ള നാളുകൾ വളരെ തിടുക്കത്തൊടെ ആത്മ നിയോഗമുള്ളവരായി നമുക്ക് ലോകത്തിൽ ക്രിസ്തുവിന്റെ സാക്ഷികളാകാം.

സുവിശേഷത്തിനു മാത്രമേ മനുഷ്യനു നിത്യസമാധാനവും രക്ഷയും നൽകുവാൻ കഴിയൂ. ഈ സുവിശേഷത്തിനു നാം സാക്ഷികളും അത് അറിയിക്കുന്നതിൽ നാം ഉത്സാഹികളും ആയിരിക്കണം.

അപ്പൊസ്തലന്റെ വാക്കുകൾ നാം ശ്രദ്ധിക്കുക; നിർബന്ധം എന്റെ മേൽ കിടക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. സുവിശേഷം അറിയിക്കുക എന്ന മഹാനിയോഗം നാം ഏറ്റെടുത്ത് ദൈവരാജ്യ വ്യാപ്തിക്കായി പ്രവർത്തിക്കാം. തീർച്ചയായും ഉടമസ്ഥനായ ദൈവവും കേന്ദ്രവിഷയമായ യേശുവും നമ്മോടു കൂടെ ഉണ്ട്. പാപഭാരം വലിച്ചെറിഞ്ഞ് സ്വതന്ത്ര്യരായവർ ആത്മാക്കളെക്കുറിച്ചുള്ള ഭാരത്താൽ വലിയ സുവിശേഷ വാഞ്ചയുള്ളവരായിരിക്കണം. നമ്മുടെ ലക്ഷ്യം സുവിശേഷ വ്യാപനം, നമ്മുടെ ഭാരം നഷ്ടപ്പെടുന്ന ആത്മാക്കളെക്കുറിച്ചാകട്ടെ. സുവിശേഷത്തിന്റെ വാതിൽ അടയാറായി. ഇനിയും ഉള്ള നാളുകൾ വളരെ തിടുക്കത്തൊടെ ആത്മ നിയോഗമുള്ളവരായി നമുക്ക് ലോകത്തിൽ ക്രിസ്തുവിന്റെ സാക്ഷികളാകാം.

ഈ സുവിശേഷം നമ്മിൽ എത്ര വലിയ മാറ്റം വരുത്തി എന്ന് നാം ആഴമായി ഗ്രഹിക്കുക. ഇത്ര വലിയ രക്ഷ എന്ന് സുവിശേഷത്തെപറ്റി എഴുതിയിരിക്കുന്നു(എബ്രാ.2:4). സുവിശേഷം അംഗീകരിക്കുവാൻ കഴിയാത്തവർക്കുള്ള ശിക്ഷാവിധി നിത്യനാശമാണ്. ഒരുവന്റെ കടം നല്ല മനസ്സാക്ഷി ഉള്ളവനെങ്കിൽ അവന് ഉറക്കം

(ശേഷം മൂന്നാം പേജിൽ)

## ജഡധാരിയായ ക്രിസ്തു

(മൂന്നാം പേജിൽ നിന്ന് തുടർച്ച)

അവസ്ഥയിൽപോലും പിതാവിന്റെ ഹിതത്തിൽ നിന്നകലുവാൻ ക്രിസ്തുവിന് അസാധ്യമായിരുന്നു. അത് പരീക്ഷയുടെയും മാനസിക സംഘർഷത്തിന്റെയും അവസ്ഥയായിരുന്നു. മനുഷ്യന്റെ നൈതികജീവിതത്തിന്റെ ഉപാധികളിലേക്ക് പ്രവേശിക്കുകയായിരുന്നു ക്രിസ്തു ജഡധാരണത്തിലൂടെ ദൈവമാകയാൽ പരീക്ഷയ്ക്കു വിധേയനാകുവാൻ കഴിയുകയില്ല. എന്നാൽ മനുഷ്യൻ എന്ന നിലയിൽ പരീക്ഷയെ ജയിക്കുന്നതിന് പരീക്ഷയോട് പോരാടേണ്ടത് ആവശ്യമായിരുന്നു. ആവർത്തിച്ചുള്ള പരീക്ഷകൾ ആത്മാവിൽ സൃഷ്ടിക്കുന്ന ആകുലതയിൽ നിന്നും തന്റെ ദൈവത്വം ഒഴിവു നൽകിയില്ല. എന്നാൽ പരീക്ഷിക്കപ്പെട്ടപ്പോൾ താൻ പോരാടുകയും ജയിക്കുകയും ചെയ്തു. പരീക്ഷ നേരിട്ടനുഭവിച്ച ക്രിസ്തുവിന് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കുവാൻ കഴിഞ്ഞു.

ക്രിസ്തുവിന്റെ ജഡധാരണത്തിന് വ്യക്തമായ ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു. ദൈവം നല്കിയ വാഗ്ദത്തങ്ങളെല്ലാം പൂർത്തീകരണം പ്രാപിക്കുന്നത് ക്രിസ്തുവിലാണ്. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്രയുണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ; അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിന് മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നും തന്നെ. പിതാക്കന്മാർക്കു നൽകിയ വാഗ്ദത്തങ്ങളെ ഉറപ്പിക്കേണ്ടതിനും ജാതികളിൽ കരുണ കാണിക്കുന്നതിനും വേണ്ടിയായിരുന്നു ക്രിസ്തു ജഡം ധരിച്ചത്. പാപത്തിൽ വീണ മനുഷ്യന് ഒരു രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനം ദൈവം നൽകി. അതിനെ തുടർന്ന് തന്റെ പുത്രനെ ലോകത്തിലേക്ക് അയക്കുമെന്ന് ദൈവം തന്റെ വാഗ്ദാനം വിവിധ സന്ദർഭങ്ങളിൽ ആവർത്തിച്ചിരിക്കുന്നത് പഴയനിയമത്തിൽ കാണാം. ദൈവം എന്താണെന്ന ചോദ്യത്തിന് ഏക ഉത്തരം ജഡം ധരിച്ച ക്രിസ്തു എന്നത്രെ. ദൈവപുത്രനും മനുഷ്യപുത്രനും ആയ ക്രിസ്തു ദൈവമാണ്. ഭൂമിയിൽ വെച്ച് കർത്താവ് ദൈവശക്തിയും ദൈവജ്ഞാനവും വെളിപ്പെടുത്തി. മറുരൂപമലയിൽവെച്ച് ദൈവതേജസ്സും വെളിപ്പെടുത്തി. ദൈവതേജസ്സിനെ സംബന്ധിച്ച പരിജ്ഞാനത്തിന്റെ പ്രകാശം ക്രിസ്തുവിന്റെ മുഖത്തുണ്ട്.

ദൈവ സൃഷ്ടിയിലെ മനുഷ്യന്റെ സ്വരൂപവും സ്വഭാവവും എന്താണെന്ന് വീണുപോയ മനുഷ്യന് അറിയില്ല. ആദാമിന്റെ പാപത്തിലൂടെ നഷ്ടപ്പെട്ടുപോയ ദൈവതേജസ്സ് എന്തായിരുന്നുവെന്ന് ഊഹിക്കുവാൻപോലും നിവൃത്തിയില്ല. മനുഷ്യത്വത്തിന്റെ പൂർണ്ണതയിലാണ് ആദാം സൃഷ്ടിക്കപ്പെട്ടത്. ഈ നഷ്ടപ്പെട്ടുപോയ മാനവികതയുടെ പൂർണ്ണത ക്രിസ്തുവിലാണ് കാണപ്പെട്ടത്. ഒരു സൃഷ്ടി എന്ന നിലയിൽ സ്രഷ്ടാവിന്റെ ഹിതം നിറവേറ്റുകയാണ് മനുഷ്യന്റെ കടമ. അത് ഒടുക്കത്തെ ആദാമായ ക്രിസ്തു പൂർണ്ണമായി തികച്ചു. തന്റെ ജനത്തിന് ക്രിസ്തു അങ്ങനെ മാതൃകയായി. സമ്പൂർണ്ണ മനുഷ്യനായ ക്രിസ്തുവിന്റെ കാലടികൾ പിന്തുടരേണ്ട കടമയാണ് മനുഷ്യനിലുള്ളത്. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു എന്ന് 1 പത്രൊസ് 2:21 -ൽ പത്രൊസ് അപ്പോസ്തലൻ പറഞ്ഞിരിക്കുന്നു. പാപം മൂലം ദൈവത്തിൽ നിന്നകന്നുപോയ മനുഷ്യനെ ദൈവത്തോടടുപ്പിക്കുവാൻ ഒരു മദ്ധ്യസ്ഥൻ ആവശ്യമായിരുന്നു. മനുഷ്യന്റെ പ്രതിനിധിയായി ദൈവത്തോടും, ദൈവത്തിന്റെ പ്രതിനിധിയായി മനുഷ്യരോടും ബന്ധപ്പെടേണ്ട മദ്ധ്യസ്ഥൻ പൂർണ്ണമനുഷ്യനും പൂർണ്ണദൈവവും ആയിരിക്കേണ്ടതാണ്. ദൈവപുത്രൻ തന്മൂലം ജഡം ധരിക്കേണ്ടിവന്നു.

## ഹൃദയം നിറഞ്ഞ പുതുവത്സരാശംസകൾ



**ഇവാ. ജോൺ സാമുവൽ മണക്കാല**

**വൃ**ക്ഷശിഖരങ്ങളിൽ നിന്ന് പാകമായ ഇലകൾ പഴുത്ത് കൊഴിഞ്ഞ്കഴിയുമ്പോൾ പുതു തളിരിലകൾ അതിൽ നാമ്പെടുക്കുന്നതുപോലെ ഒരായിരം സ്വപ്നങ്ങൾ നമ്മിൽ നൽകിക്കൊണ്ട് 2015 ഇങ്ങുവന്നെത്തിക്കഴിഞ്ഞു. ജയപരാജയങ്ങളുടെ ഒരു വർഷം എന്നന്നേക്കുമായി ചരിത്രത്തിന്റെ മാറാപ്പിലേക്ക് മാറ്റപ്പെട്ടു. തിരിഞ്ഞു നോക്കുമ്പോൾ സമ്മിശ്ര വികാരങ്ങളാണ് മനസ്സിൽ ഉണ്ടാകുന്നത്. അവിസ്മരണീയവും അപ്പോൾതന്നെ ഓർത്തിരിക്കാൻ ഇഷ്ടപ്പെടാത്തതുമായ ഒത്തിരി ഒത്തിരി അനുഭവങ്ങൾ നമ്മിൽ സമ്മാനിച്ചിട്ടാണ് കഴിഞ്ഞ വർഷം എങ്ങോ പോയ് മറഞ്ഞത്.

'ക്ലേശത്തിന്റെ പീഠഭൂമിയിലാണ് ദൈവം തന്റെ മികച്ച പോരാളികളെ കണ്ടെത്തുന്നത്' എന്നകാര്യം യാഥാർത്ഥ്യം തന്നെയാണ്. പ്രഭാതത്തിന്റെ സൗന്ദര്യം ആസ്വദിക്കണമോ ഇരുട്ടിന്റെ ഭീകരത സഹിച്ചേ പറ്റൂ. പനിനീർപൂവ് ഇറുത്തെടുക്കണമോ അതിന്റെ മുള്ളിന്റെ നൊമ്പരം സഹിച്ചേ തീരൂ. സ്വാതന്ത്ര്യത്തിന്റെ മധുരം നുകരണമോ ത്യാഗത്തിന് തയ്യാറായേ തീരൂ. കഷ്ടപ്പാടിന്റെ വിദ്യാലയത്തിൽ നിന്ന് നാം അച്ചടക്കം പഠിക്കണം. നഷ്ടപ്പെട്ടതിനെയും ലഭിക്കാതെ പോയതിനേയും ഓർത്ത് വിലപിച്ച് തലകുമ്പിട്ട് ഇരിക്കാതെ ദൈവത്തോടുകൂടെ എനിക്ക് എല്ലാം സാദ്ധ്യമാകും എന്ന ശുഭാപ്തി വിശ്വാസത്തോടെ പരിശ്രമിക്കുക. വിജയം സുനിശ്ചിതമാണ്.

പുതുവർഷം പ്രാർത്ഥനയോടും ദൃഢവിശ്വാസത്തോടും കൂടെ ആരംഭിക്കുക. പ്രവാചകവര്യനായ ഏലിയാവ് ഇടിഞ്ഞുകിടന്ന യാഗപീഠം ആരാധനയ്ക്കായി പുതുക്കി പണിതു കഴിഞ്ഞപ്പോൾ പ്രാർത്ഥനയ്ക്കു മറുപടി അഗ്നിയായി ഇറങ്ങിവന്നു. നഷ്ടപ്പെട്ടതും നിന്നുപോയതുമായ കാര്യങ്ങൾ ജീവിതത്തിൽ പുനരാരംഭിക്കുക. വിജയകരമായ മുന്നേറ്റത്തിനും ദൈവാനുഗ്രഹം പ്രാപ്യമാക്കുന്നതിനും അടിസ്ഥാനപരമായി ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകങ്ങൾ പലതും അഗണ്യമായി ചിത്രീകരിച്ചു. ഈ പരാജിത ഭാവത്തിൽ നിന്ന് മടങ്ങി വിജയ സോപാനത്തിലേക്കുള്ള പടവുകൾ ചവുട്ടിക്കയറുക. അനുഗ്രഹം വിദൂരമല്ല.

മുടങ്ങിപ്പോയ ബൈബിൾ പാരായണം, ഭവനത്തിലെ ഒന്നിച്ചുള്ള പ്രഭാത-സന്ധ്യാ കുടുംബ പ്രാർത്ഥനകൾ, വ്യക്തിപരമായ പ്രാർത്ഥന എന്നിവയെല്ലാം പുതുവർഷത്തിൽ പുനരാരംഭിക്കണം. സഭയോടും സമൂഹത്തോടു കുടുംബത്തോടുമുള്ള കടപ്പാടുകൾ, ദാമ്പത്യജീവിതത്തിലെ പരസ്പര വിശ്വസ്തതയും വിശ്വാസവും കരുതലും, സാമ്പത്തിക കാര്യങ്ങളിലെ കൃത്യത, വിനയം പക്വമായ ക്രിസ്തീയ ജീവിതശൈലി ഇവയെല്ലാം ഈ വർഷത്തിൽ വിസ്മരിക്കരുത്. വീട്ടിലെ കത്താത്ത വിളക്ക് അയൽക്കാരനെ ഏൽപ്പിക്കുന്നതിൽ അർത്ഥമില്ല. ഏവരും സ്വയം ഒരു നല്ല മാറ്റത്തിന് ജീവിതം വിധേയമാക്കിക്കൊണ്ട് മുന്നേറുക. അപ്പോൾ തന്നെ ക്രിസ്തീയ മൂല്യങ്ങൾക്കുവേണ്ടി വീറോടെ മരണം വരെ അടിയുറച്ചു നില്ക്കാൻ നാം ബാദ്ധ്യസ്ഥരുമാണ്. കെ.വി. സൈമൺ സാർ രചിച്ച പ്രസിദ്ധമായ ഒരു പ്രഭാത കീർത്തനത്തിലെ വരികൾ വളരെ ശ്രദ്ധേയമാണ്;

> പരനെ തിരുമുഖ ശോഭയിൽ കതിരെന്നുടെ ഹൃദയെ
> നിറവാൻ കൃപയരുളേണമീ ദിവസാരംഭസമയേ
>
> മരണം വരെ സമരാങ്കണമതിൽ ഞാൻ നിലനിന്നി
> ട്ടമർ ചെയ്തെന്റെ നിലകാക്കുവാൻ തവസാക്ഷിയായി
> നിൽപ്പാൻ

എത്രയും വാത്സല്യമുള്ള ക്രിസ്തീയ സഹോദരങ്ങളെ ഇത് സമരാങ്കണമാണ്. ഈ രണഭൂമിയിൽ ജീവാവസാനം വരെ ധീരതയോടെ അടിപതറാതെ അടിയുറച്ചു നിൽക്കണം. നമ്മുടെ നായകനായ, നാഥനും കർത്താവുമായ യേശുവിന് ഈ ലോകം സമ്മാനിച്ചത് മരക്കുരിശും മുൾക്കിരീടവും ഒക്കെയാണെങ്കിൽ അവിടുത്തെ അനുയായികളായ നമുക്ക് അതിൽ വെത്യസ്തമായതൊന്നും പ്രതീക്ഷിക്കാനില്ല. ക്രൂശില്ലാതെ കിരീടമില്ല.

പ്രീയരെ, വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പ്പിച്ചിരിക്കുന്ന വിശ്വാസ പ്രമാണങ്ങൾക്കുവേണ്ടി അന്ത്യത്തോളം പോരാടണം. ഈ മാർഗ്ഗം വിട്ട് ഒരിക്കലും ഒരിക്കലും പിൻമാറി പോകരുതേ....'ഉറപ്പുള്ള പാറയിൽ നമുക്ക് നില്ക്കാൻ കഴിയുമ്പോൾ പിന്നെ എന്തിന് വെള്ളത്തിൻ മീതെ നടക്കാൻ ശ്രമിക്കണം'. ഓരോ വിശ്വാസികളും 'വചന'ത്തിന്റെ സാക്ഷികൾ ആകണം. സഭാശുശ്രൂഷകന്മാർ പ്രാദേശികസഭയിലെ വിശ്വാസികളെ പരിപാലിക്കുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും സംരക്ഷിക്കുകയും ഒക്കെ ചെയ്യുമ്പോൾ തന്നെ ദൈവവചനത്തിലെ നിർമ്മല സത്യങ്ങൾ പഠിപ്പിച്ച് അവരെ വിശ്വാസത്തിൽ ഉറപ്പിക്കണം. ശുശ്രൂഷകന്മാർ പ്രശസ്തിക്കും പണത്തിനും വേണ്ടിയുള്ള പരക്കംപാച്ചിലുകളും മലക്കംമറിച്ചിലുകളും അവസാനിപ്പിച്ച് രക്ഷയുടെ സുവിശേഷം വ്യക്തമായി പങ്കുവയ്ക്കണം. ജനകോടികൾ യേശുവിനെ അനുഭവിച്ചറിഞ്ഞ് രക്ഷകനെ ഹൃദയത്തിൽ സ്വീകരിക്കട്ടെ.

ഈ പുതുവർഷത്തിൽ ഏവർക്കും നന്മകൾ നേർന്നുകൊണ്ടും ദൈവാനുഗ്രഹങ്ങളുടെ ഉറവ ഏവർക്കുമായി തുറക്കട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ടും ഹൃദയം നിറഞ്ഞ പുതുവത്സരാശംസകൾ നേരുന്നു.

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*